8. 2000-ലെ മണ്ണ് ഖനന നിയന്ത്രണ അതോറിറ്റി ബിൽ

(ശ്രീ. ആന്റണി രാജു നോട്ടീസ് നൽകിയത്)

ശ്രീ. ആന്റണി രാജു : സർ, 2000-ലെ മണ്ണ് ഖനന നിയന്ത്രണ അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

റവന്യൂ വകുപ്പുമന്ത്രിക്കു വേണ്ടി കൃഷിവകുപ്പു മന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, 1957-ലെ കേരളത്തിൽ ലാൻഡ് കൺസർവൻസി ആക്ടും 1958-ലെ റൂൾസും ഇപ്പോൾ നിലവിലുണ്ട്. അതു കൊണ്ട് ഈ ബില്ലിന്റെ ആവശ്യകതയില്ല. അതുകൊണ്ട് ബില്ലിന്റെ അവതരണത്തെ എതിർക്കുന്നു.

മി.സ്പീക്കർ : മണ്ണ് ഖനനം എന്നു പറയുമ്പോൾ മന്ത്രിക്ക് ഒരു വാക്ക് പറയാം.

ശ്രീ. ആന്റണി രാജു : സർ, ഞാൻ ഇവിടെ അവതരിപ്പിച്ച മണ്ണ് ഖനന നിയന്ത്രണ അതോറിറ്റി ബില്ലും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടിയായ ലാന്റ് കൺസർവൻസി ആക്റ്റും തമ്മിൽ കടലും കടലാടിയുമായിട്ടുള്ള ബന്ധമാണ്. സംസ്ഥാനത്ത് മണ്ണ് ഖനനം അനിയന്ത്രിതമായിട്ട് നടന്നുവരുന്നതുമൂലം ഉണ്ടാകുന്ന വളരെ ഗുരുതരമായ സ്ഥിതിവിശേഷം നമ്മൾ നേരിട്ടുകൊണ്ടിരിക്കുകയാണ്.

മി.സ്പീക്കർ : അങ്ങ് ഉദ്ദേശിച്ച മണ്ണ് ഖനനം രണ്ടു രൂപത്തിലാണോ ? മണ്ണ് മാറ്റുന്നതാണോ, മണ്ണിൽ ഖനനം നടത്തുന്നതാണോ ?

ശ്രീ. ആന്റണി രാജു : സർ, രണ്ടും ഉണ്ട്. നദികളിൽ നിന്നും മണ്ണ് മാറ്റുന്നതും കരയിൽ നിന്നും മണ്ണ് മാറ്റുന്നതുമൂലം നദികൾതന്നെ ഇപ്പോൾ ഗതിമാറി ഒഴുകുന്ന അവസ്ഥയിലേക്ക് പോയിരിക്കുന്നു. അതുപോലെതന്നെ ഒരു നിയന്ത്രണവുമില്ലാതെ നദികളിൽ നിന്ന് മണ്ണ് മാറ്റുന്നതുമൂലം നമ്മുടെ പാലങ്ങൾ, അണക്കെട്ടുകൾ, തടയണകൾ, റഗുലേറ്റർ കം ബ്രിഡ്ജുകൾ, ബണ്ടുകൾ എന്നിവയ്ക്കൊക്കെ നാശനഷ്ടം നേരിട്ടു കൊണ്ടിരിക്കുകയാണ്. നദികളുടെ സമീപപ്രദേശങ്ങളിൽ മണ്ണൊലിപ്പ് കൂടുകയും കരയിടിച്ചിൽ ഉണ്ടാകുകയും വൃക്ഷലതാദികൾ കടപുഴകി വീഴുകയും ചെയ്യുന്നതുമൂലം ഭീമമായ നഷ്ടം സംസ്ഥാനത്തിനുണ്ടായിക്കൊണ്ടിരിക്കുകയാണ്. മണ്ണ് അനിയന്ത്രിതമായി മാറ്റുന്നതുമൂലം നദികളുടെ ആഴം കൂടുകയും സമീപപ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലും ജല നിരപ്പ് താഴുകയും വേനൽക്കാലത്ത് കുടിവെള്ളക്ഷാമം ഉണ്ടാകുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷം ഇന്നുണ്ടായിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ നദികളിൽ നിന്നും കരകളിൽ നിന്നും മണ്ണ് മാറ്റുന്നതിന് ചില നിയന്ത്രണങ്ങൾ സർക്കുലറുകളിലൂടെയും ഉത്തരവുകളിലൂടെയുമൊക്കെ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും മണ്ണ് മാറ്റുന്നതിനുള്ള വ്യക്തമായ അതോറിറ്റി ഇന്ന് നമ്മുടെ സംസ്ഥാനത്തിലില്ല. റവന്യൂ വകുപ്പാണോയെന്ന് ചോദിച്ചാൽ അവരുടെ കീഴിൽ ഒൻപതു നദികളെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഉൾപ്പെടുത്തിയിരിക്കുന്നത്. പഞ്ചായത്തുകളാണോയെന്ന് ചോദിച്ചാൽ അവർ പറയുന്നത് മണ്ണ് മാറ്റുന്നതിനുള്ള ലൈസൻസ് കൊടുക്കുകയല്ലാതെ അത് നിയന്ത്രിക്കുന്നതിനുള്ള അധികാരം അവർക്കില്ലെന്നാണ്. ഇറിഗേഷൻ വകുപ്പിനാണെങ്കിൽ ഇത് നിയമപരമായി നിയന്ത്രിക്കുന്നതിനുള്ള അധികാരമില്ല എന്നു പറയുന്നു. മണ്ണ് മാറ്റുന്നതിനുള്ള ഒരു നിയമമോ അത് തടയുന്നതിനുള്ള നിയമമോ ശരിയായിട്ടുള്ളതായ ഒരു അതോറിറ്റിയോ ഇന്ന് നമ്മുടെ സംസ്ഥാനത്തിലില്ല എന്നുള്ളത് യാഥാർത്ഥ്യമാണ്. ഇതുമൂലം നമ്മുടെ സംസ്ഥാനത്തുണ്ടായിരിക്കുന്ന ഗുരുതരമായ അവസ്ഥ എന്ന് പറയുന്നത് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നു. നമ്മുടെ സംസ്ഥാനത്തെ നദികൾപോലും ദിക്ക് മാറി പല സ്ഥലങ്ങളിലും ഒഴുക്കുന്നതുമൂലം പല പ്രദേശങ്ങളും ഗുരുതരമായ ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. അതുപോലെ തന്നെ ഇത് ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഹൈക്കോടതിയുടെ നിരോധനത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ വകുപ്പ് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. അത്തരം നിയന്ത്രണങ്ങൾക്കോ ഉത്തരവുകൾക്കോ ഒന്നുംതന്നെ ഫലപ്രദമായി ഇത് തടയുന്നതിന് കഴിയുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ഇത് തടയുന്നതിന് ഫലപ്രദമായ നിയന്ത്രണങ്ങളൊക്കെയുള്ള ഒരു അതോറിറ്റിയുടെ ആവശ്യം ഇന്ന് നമ്മുടെ സംസ്ഥാനത്തുണ്ട്. അതുകൊണ്ട് ഈ ബിൽ പരിഗണിക്കണം.

(ചർച്ചതുടരും)

9. 2000-ത്തിലെ നീരുറവകളും നിർച്ചാലുകളും ജലാശയങ്ങളും ഉൾപ്പെട്ട ജലസ്രോതസ് സംരക്ഷണ ബിൽ

(ശ്രീ. ആന്റണി രാജു നോട്ടീസ് നൽകിയത്)

ശ്രീ. ആന്റണി രാജു : സർ, 2000-ലെ നീരുറവകളും നീർച്ചാലുകളും ജലാശയങ്ങളും ഉൾപ്പെട്ട ജലസ്രോതസ് സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി.സ്പീക്കർ : റവന്യൂ വകുപ്പുമന്ത്രിക്കു വേണ്ടി ശ്രീ. കെ. രാധാകൃഷ്ണൻ.

പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യം വളരെ പ്രസക്തമാണ്. കുടിവെള്ളം പരമാവധി സംരക്ഷിക്കപ്പെടേണ്ടതാണ്. വിദഗ്ദ്ധരായിട്ടുള്ള ആളുകൾ പറയുന്നത് 2015 ആകുമ്പോഴേയ്ക്കും ഒരു മൂന്നാം ലോകമഹായുദ്ധം ഉണ്ടാവാൻ സാദ്ധ്യത ഉണ്ടെങ്കിൽ അത് കുടിവെള്ളത്തിനു വേണ്ടിയായിരിക്കും എന്നാണ്. അതുകൊണ്ടുതന്നെ ഇതിന് ഏറെ പ്രസ്ക്തിയും പ്രാധാന്യവും ഉണ്ട്. അതു മനസ്സിലാക്കിക്കൊണ്ട് നമ്മുടെ ഗവൺമെന്റ് ജലസേചനത്തിനും ജലം സംരക്ഷിക്കുന്നതിനും വിതരണം ചെയ്യുന്നതിനും ഉദ്ദേശിച്ചുകൊണ്ട് കേരള ജലസേചനവും ജലസംരക്ഷണവും ബില്ലിനുള്ള കരട് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ മറ്റ് നടപടികളൊക്കെ ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഈ ബിൽ പ്രസ്സ് ചെയ്യരുതെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly